"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കൃഷി വകുപ്പ് - ജീവനക്കാര്യം - സസ്പെൻഷനിലായിരിക്കെ സർവ്വീസിൽ നിന്നും നീക്കം ചെയ്യപ്പെട്ട ശ്രീ. ഗോപാലകൃഷ്ണൻ ടി. പി-യെ സർവ്വീസിൽ നിന്നും നീക്കം ചെയ്ത നടപടി റദ്ദ് ചെയ്തും ടി കാലയളവ് ശമ്പളവും അലവൻസുകളുമടക്കം എല്ലാ ആനുകൂല്യങ്ങൾക്കും ഡ്യൂട്ടിയായി ക്രമീകരിച്ചും - ബഹു:സുപ്രീംകോടതിയുടെ **08-12-2022** ലെ ക്രിമിനൽ അപ്പീൽ നമ്പർ **187, 188/2017** ന്റെ വിധിന്യായം പാലിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ഇ എ) വകുപ്പ്**

സ.ഉ.(സാധാ) നം.**206/2024/AGRI** തീയതി,തിരുവനന്തപുരം, **29-02-2024**

---

പരാമർശം:-

**1.** ശ്രീ. ഗോപാലകൃഷ്ണൻ ടി. പി-യെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തുകൊണ്ടുള്ള **04/06/1994** ലെ പ്രിൻസിപ്പൽ കൃഷി ഓഫീസർ, കോഴിക്കോട് -ന്റെ നടപടിക്രമം.

**2.** **22/11/1999** ലെ കൃഷി വകുപ്പ് ഡയറക്ടറുടെ എസ്.വി.സി **(6) 66189/99** നമ്പർ നടപടിക്രമം.

**3.** കോഴിക്കോട് എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജിന്റെ **27/02/2001** ലെ **CC.12/99, CC.13/99, CC.14/99** എന്നീ കേസുകളിലെ പൊതുവിധി.

**4.** **02/05/2001** ലെ കൃഷി വകുപ്പ് ഡയറക്ടറുടെ എസ്.വി.സി **(6) 66189/99** നമ്പർ നടപടിക്രമം.

**5.** ബഹു.സുപ്രീം കോടതിയുടെ **08/12/2022** ലെ ക്രിമിനൽ അപ്പീൽ നമ്പർ **187-188/2017** നമ്പർ വിധിന്യായം

**6.** **09/01/2023** ലെ ശ്രീ. ഗോപാലകൃഷ്ണൻ ടി. പി യുടെ നിവേദനം.

7. 15/02/2023, 23/02/2023,23/06/2023 എന്നീ തീയതികളിലെ കൃഷി വകുപ്പ് ഡയറക്ടറുടെ ADFW/639/2023-SD3 നമ്പർ കത്തുകൾ.

8. അക്കൗണ്ടന്റ് ജനറലിന്റെ 21/03/2023 ലെ GE 16/D/Agri/5D-11/1066 നമ്പർ സ്റ്റേറ്റ്മെന്റ് .

**ഉത്തരവ്**

1991 മെയ് 31ന് സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി കൃഷി ഓഫീസറായി കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര സ്റ്റേറ്റ് സീഡ് ഫാമിൽ സേവനത്തിൽ പ്രവേശിച്ച ശ്രീ ഗോപാലകൃഷ്ണൻ ടി പി, മൂന്ന് വർഷക്കാലം ( 31/05/1994 വരെ) പ്രസ്തുത തസ്തികയിൽ സേവനമനുഷ്ഠിച്ചു വരവെ ടിയാനെതിരെ കോഴിക്കോട് അഗ്രി മാർക്കറ്റിംഗ് ഫെഡറേഷന്റെ പരാതിയുടെ വെളിച്ചത്തിൽ പേരാമ്പ്ര സീഡ് ഫാമിലും കൃഷിഭവനുകളിലും കോഴിക്കോട് പ്രിൻസിപ്പൽ അഗ്രികൾച്ചർ ഓഫീസിലെ ജോയിന്റ് ഡയറക്ടർ ആന്റ് അക്കൗണ്ട് ഓഫീസർ ഒരു മിന്നൽ പരിശോധന 1994 മെയ് മാസം നടത്തുകയും ടി പരിശോധനയിൽ പല ക്രമക്കേടുകളും പണമിടപാടുകളിൽ സുതാര്യത കുറവും വക മാറ്റി തുക ചെലവഴിക്കലും കണ്ടെത്തുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ വകുപ്പ് ഡയറക്ടർക്ക് റിപ്പോർട്ട് നൽകുകയും കൃഷി ഓഫീസർ ആയ ശ്രീ ഗോപാലകൃഷ്ണൻ ടി പി -യെ സേവനത്തിൽ നിന്നും വേലവിലക്കുകയും ചെയ്തു. പരാമർശം (2) ലെ നടപടിക്രമം പ്രകാരം ടിയാന്റെ പേരിൽ 79,794/- രൂപയുടെ സർക്കാർ ബാധ്യത നിശ്ചയിക്കുകയും ഇൻസ്പെക്ഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പോലീസ് വിജിലൻസ് പരിശോധന ഉത്തരവിടുകയും ടി പരിശോധനയിലും ക്രമക്കേടുകൾ കണ്ടെത്തിയതിനെ തുടർന്ന് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ (കോഴിക്കോട്) തുടരന്വേഷണം നടത്തുകയും ടിയാനെതിരെ 3 ക്രൈം കേസുകൾ ( CC നം. 12/99, 13/99, 14/99 ) ബഹു.എൻക്വയറി കമ്മീഷണർ ആൻഡ് സ്പെഷ്യൽ ജഡ്ജ് (കോഴിക്കോട്) കോടതിയിൽ ഫയൽ ചെയ്യുകയും ഉണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ ടിയാനെതിരെ അച്ചടക്കനടപടി സ്വീകരിക്കുകയും CC നം. 12/99, 14/99 എന്നിവയിലെ 27/02/2001 ലെ പരാമർശം (3) ലെ വിധിയുടെ അടിസ്ഥാനത്തിൽ ടിയാൻ കുറ്റക്കാരനാണെന്ന് കണ്ടെത്തിയതിനെ തുടർന്ന് ഓരോ കേസിലും 2 വർഷം വീതം കഠിന തടവും പിഴ ഒടുക്കാനും വിധിയാവുകയും ശ്രീ. ഗോപാലകൃഷ്ണൻ ടി.പി കുറ്റകാകരനാണെന്ന് കണ്ടെത്തി കഠിനതടവും പിഴയും ശിക്ഷിച്ചതിന്റെ

അടിസ്ഥാനത്തിൽ 17/04/2001 ന് മുൻകാലപ്രാബല്യം വരത്തക്ക വിധം പരാമർശം (4) പ്രകാരം കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ ടിയാനെ സേവനത്തിൽ നിന്നും പിരിച്ചുവിടുകയും ചെയ്തിരുന്നു.

2) 31/05/1991 മുതൽ 31/05/1994 വരെ പേരാമ്പ്ര സ്റ്റേറ്റ് സീഡ് ഫാമിൽ സേവനത്തിലുണ്ടായിരുന്ന കാലഘട്ടത്തിൽ ഔദ്യോഗിക പദവി ദുരുപയോഗം ചെയ്ത് പണാപഹരണം നടത്തിയെന്ന കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ ടിയാളിൽ നിന്നും സർക്കാർ ബാദ്ധ്യത ഈടാക്കുവാൻ സാധിക്കാതെ വന്ന സാഹചര്യത്തിൽ KSR Part III ചട്ടം 116 ലെ റൂളിംഗ് 6 പ്രകാരം ടിയാനെതിരെ സിവിൽ കേസ് ഫയൽ ചെയ്യാനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരവേ, പിരിച്ചുവിടൽ ഉത്തരവിനാധാരമായ ബഹു.എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ് കോടതിയിലെ (കോഴിക്കോട്) CC നം. 12/99, 14/99 കേസുകളിലെ വിധിക്കെതിരെ ടിയാൻ ക്രിമിനൽ അപ്പീൽ നമ്പർ. 280/2001, 282/2001 എന്നിവ ഫയൽ ചെയ്യുകയും ബഹു:ഹൈക്കോടതി 13/08/2015 ലെ വിധിപ്രകാരം ടിയാനെ കുറ്റവിമുക്തനാക്കുകയും ചെയ്തു. ടിയാനെതിരെ ബഹു.എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ് കോടതിയിൽ (കോഴിക്കോട്) ഫയൽ ചെയ്ത CC-24/2003, CC-25/2003 എന്നിവയിലെ ശിക്ഷാവിധികൾക്കെതിരെ ടിയാൻ ക്രിമിനൽ അപ്പീൽ നമ്പർ.947/2009, 948/2009 എന്നീ കേസുകൾ ഫയൽ ചെയ്യുകയും ടി കേസുകളിലെ ശിക്ഷാവിധികൾക്കെതിരെ ബഹു.സുപ്രീംകോടതിയിൽ ക്രിമിനൽ അപ്പീൽ നമ്പർ 187/2017, 188/2017 അപ്പീലുകൾ ഫയൽ ചെയ്യുകയും ടി അപ്പീലുകളിലെ 08/12/2022 ലെ വിധിന്യായ പ്രകാരം ടിയാനെതിരെയുള്ള വിചാരണ കോടതിയുടെയും ബഹു. ഹൈക്കോടതിയുടെയും വിധിന്യായങ്ങൾ അസ്ഥിരപ്പെടുത്തുകയും ടിയാനെതിരെയുള്ള എല്ലാ ഹർജികളും തള്ളിക്കളഞ്ഞ് ടിയാനെ കുറ്റ വിമുക്തനാക്കി പരാമർശം (5) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ഉണ്ടായി.

3) ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീ.ഗോപാലകൃഷ്ണൻ ടി.പി, പരാമർശം (6) പ്രകാരം ടിയാന്റെ സസ്പെൻഷൻ കാലയളവും പിരിച്ചുവിടപ്പെട്ട കാലയളവും ക്രമീകരിച്ച് അർഹതപ്പെട്ട സർവ്വീസ് ആനുകൂല്യങ്ങൾ അനുവദിച്ച് നൽകുന്നതിനായി സമർപ്പിച്ച അപേക്ഷ പരാമർശം (7) പ്രകാരം കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ ശിപാർശ സഹിതം സർക്കാരിൽ ലഭ്യമാക്കിയിരുന്നു. ശ്രീ.ഗോപാലകൃഷ്ണൻ ടി.പി യുടെ സേവന വിവരങ്ങളും ടിയാളുടെ ജൂനിയർമാരായ ഉദ്യോഗസ്ഥരുടെ സ്ഥാനക്കയറ്റം സംബന്ധിച്ച വിശദാംശങ്ങളും കാർഷിക വികസന കർഷക ക്ഷേമ

വകുപ്പ് ഡയറക്ടറും ടിയാളുടെ സേവന വേതന വിവരങ്ങൾ  പരാമർശം (8) പ്രകാരം അക്കൗണ്ടന്റ് ജനറലും ലഭ്യമാക്കിയിരുന്നു.

4) 31/05/1991 -ൽ കൃഷി ഓഫീസറായി ജോലിയിൽ പ്രവേശിച്ച ശ്രീ.ഗോപാലകൃഷ്ണൻ ടി.പി.യുടെ നിയമനം 10/01/1992 -ലെ SD1-68920/90 ഡയറക്ടറുടെ ഉത്തരവ് പ്രകാരം റഗുലറൈസ് ചെയ്തിട്ടുണ്ടെങ്കിലും ടിയാന്റെ പ്രൊബേഷൻ പ്രഖ്യാപിച്ചിട്ടില്ലായെന്നും ടിയാന് 17/01/1990 - 14/07/1990 വരെ 179 ദിവസവും 19/10/1990 - 12/04/1991 വരെ 179 ദിവസവുമായി ആകെ 358 ദിവസം പ്രൊവിഷണൽ സർവ്വീസ് ഉണ്ട് എന്നും പ്രസ്തുത പ്രൊവിഷണൽ സർവ്വീസ് കണക്കാക്കി 01/06/1992 ൽ വാർഷിക വർദ്ധനവ് അനുവദിയ്ക്കാവുന്നതാണെന്നും 2 വർഷം തികയുന്ന മുറയ്ക്ക് 31/05/1993 പ്രാബല്യത്തിൽ പ്രൊബേഷൻ പൂർത്തിയാക്കിയതായി അനുമാനിക്കാവുന്നതാണെന്നും, ടിയാന്റെ പ്രൊവിഷണൽ സർവ്വീസ് ഉൾപ്പെടുത്തി പത്തുവർഷം തികയുന്ന 07/06/2000 ൽ 8 വർഷത്തെ ഹയർഗ്രേഡും 07/06/2005 ൽ 16 വർഷത്തെ ഹയർ ഗ്രേഡും അനുവദിക്കാവുന്നതുമാണെന്നും  ഡയറക്ടർ  അറിയിച്ചിരുന്നു. കൂടാതെ സീനിയോറിറ്റി ലിസ്റ്റിൽ ടിയാന് തൊട്ടുതാഴെയുള്ള ശ്രീ വിശ്വരാജൻ കെ .എം - ന് 27/12/2013 ൽ അസിസ്റ്റന്റ് ഡയറക്ടറായി സ്ഥാനക്കയറ്റം ലഭിച്ചിട്ടുള്ളതിനാൽ  ടി തീയതിയിൽ ശ്രീ ഗോപാലകൃഷ്ണൻ.ടി.പി-ക്ക് അസിസ്റ്റന്റ് ഡയറക്ടറായി സ്ഥാനക്കയറ്റം അനുവദിക്കാവുന്നതാണെന്നും ശ്രീ വിശ്വരാജൻ കെ എം 30/09/2014 ന് സേവനത്തിൽ നിന്നും വിരമിച്ചതിനാൽ ടിയാന് തൊട്ടു താഴെയുള്ള ശ്രീമതി. രാജേശ്വരി. എസ്. ആർ- ന് കൃഷി ഡെപ്യൂട്ടി ഡയറക്ടറായി സ്ഥാനക്കയറ്റം ലഭിച്ച 04/10/2019 ന് ശ്രീ. ഗോപാലകൃഷ്ണൻ ടി. പി ക്ക് കൃഷി ഡെപ്യൂട്ടി ഡയറക്ടറായി സ്ഥാനക്കയറ്റം അനുവദിക്കാവുന്നതാണെന്നും ശ്രീമതി .രാജേശ്വരി എസ്.ആർ -ന് ജോയിന്റ് ഡയറക്ടറായി സ്ഥാനക്കയറ്റം ലഭിച്ച 30/04/2021 ന് ശ്രീ.ഗോപാലകൃഷ്ണൻ ടി.പി ക്ക് ജോയിന്റ് ഡയറക്ടറായി സ്ഥാനക്കയറ്റം അനുവദിക്കാവുന്നതാണെന്നും ടിയാന്റെ വിരമിക്കൽ തീയതി 30/04/2021 ആണെന്നും കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 08.12.2022 ലെ ക്രിമിനൽ അപ്പീൽ നമ്പർ 187-188/2017 നമ്പർ വിധിന്യായത്തിൽ കീഴ്ക്കോടതികളുടെ ഉത്തരവുകൾ എല്ലാം റദ്ദ് ചെയ്തു ശ്രീ ഗോപാലകൃഷ്ണൻ ടി പി- യെ പൂർണ്ണമായും കുറ്റ വിമുക്തനാക്കിയ സാഹചര്യത്തിൽ ടിയാനെ സേവനത്തിൽ നിന്നും സസ്പെന്റ് ചെയ്ത കാലയളവു പ്രാബല്യത്തിൽ

സേവനത്തിൽ നിന്നും പിരിച്ചുവിട്ട ഡയറക്ടറുടെ നടപടി റദ്ദ് ചെയ്ത് ടിയാനെ സേവനത്തിൽ തിരികെ പ്രവേശിപ്പിച്ചും **04-06-1994** മുതൽ **01-05-2001** വരെയുള്ള സസ്പെൻഷൻ കാലയളവ്, ടിയാൻ ടി കാലയളവിൽ കൈപ്പറ്റിയ ഉപജീവന ബത്ത തട്ടികിഴിച്ചുള്ള ശമ്പളവും ബത്തകളും ഉൾപ്പെടെ എല്ലാ ആവശ്യത്തിനും ഡ്യൂട്ടിയായി ക്രമീകരിച്ചും ഉത്തരവാകുന്നു.

**6)** കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ പരാമർശം **(7)** പ്രകാരമുള്ള റിപ്പോർട്ടിന്റേയും അക്കൗണ്ടന്റ് ജനറൽ പരാമർശം **(8)** പ്രകാരം ലഭ്യമാക്കിയ വിശദാംശങ്ങളുടേയും അടിസ്ഥാനത്തിൽ സർവ്വീസിൽ നിന്നും നീക്കം ചെയ്തിരുന്ന **02-05-2001** മുതൽ **30-04-2021** (വിരമിക്കൽ തീയതി) വരെയുള്ള കാലയളവ് **KCS(CCA)** ചട്ടം-**18b** പ്രകാരം ടിയാൻ സർവീസിൽ നിന്നും നീക്കം ചെയ്യപ്പെടാതിരുന്നാൽ എന്ന പോലെ കണക്കാക്കി, അതായത് **31/05/1991** ൽ സേവനത്തിൽ പ്രവേശിച്ച ശ്രീ. ഗോപാലകൃഷ്ണൻ ടി. പി. ക്ക് പ്രൊവിഷണൽ സർവ്വീസ് കണക്കാക്കി **01/06/1992** ൽ വാർഷിക വർദ്ധനവ് അനുവദിച്ചുകൊണ്ടും **31/05/1993** പ്രാബല്യത്തിൽ പ്രൊബേഷൻ പൂർത്തിയാക്കിയതായി പ്രഖ്യാപിച്ചു കൊണ്ട് ടിയാന്റെ പ്രൊവിഷണൽ സർവ്വീസ് ഉൾപ്പെടുത്തി പത്തുവർഷം തികയുന്ന **07/06/2000** ൽ **8** വർഷത്തെ ഹയർഗ്രേഡും **07/06/2005** ൽ **16** വർഷത്തെ ഹയർ ഗ്രേഡും നല്കിക്കൊണ്ടും, സീനിയോറിറ്റി ലിസ്റ്റിൽ ടിയാന് തൊട്ടുതാഴെയുള്ള ശ്രീ വിശ്വരാജൻ കെ .എം - ന് **27/12/2013** ൽ അസിസ്റ്റന്റ് ഡയറക്ടറായി സ്ഥാനക്കയറ്റം ലഭിച്ച **27/12/2013** തീയതിയിൽ ശ്രീ ഗോപാലകൃഷ്ണൻ.ടി.പി-ക്ക് അസിസ്റ്റന്റ് ഡയറക്ടറായി സ്ഥാനക്കയറ്റം അനുവദിച്ചു കൊണ്ടും ശ്രീ വിശ്വരാജൻ കെ എം **30/09/2014** ന് സേവനത്തിൽ നിന്നും വിരമിക്കുന്നതിനാൽ ടിയാന് തൊട്ടു താഴെയുള്ള ശ്രീമതി. രാജേശ്വരി. എസ്. ആർ- ന് കൃഷി ഡെപ്യൂട്ടി ഡയറക്ടറായി സ്ഥാനക്കയറ്റം ലഭിച്ച **04/10/2019** ന് ശ്രീ. ഗോപാലകൃഷ്ണൻ ടി. പി ക്ക് കൃഷി ഡെപ്യൂട്ടി ഡയറക്ടറായി സ്ഥാനക്കയറ്റം അനുവദിച്ചു കൊണ്ടും ശ്രീമതി.രാജേശ്വരി എസ്.ആർ -ന് ജോയിന്റ് ഡയറക്ടറായി സ്ഥാനക്കയറ്റം ലഭിച്ച **30/04/2021** ന് ശ്രീ.ഗോപാലകൃഷ്ണൻ ടി.പി ക്ക് ജോയിന്റ് ഡയറക്ടറായി സ്ഥാനക്കയറ്റം നല്കിക്കൊണ്ടും ടി കാലയളവ് ശമ്പളവും അലവൻസുകളുമടക്കം എല്ലാ കാര്യങ്ങൾക്കും ഡ്യൂട്ടിയായും ക്രമീകരിച്ച് ഉത്തരവാകുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ആർ ഭാഗം **III** ചട്ടം **10** പ്രകാരം ടി കാലയളവ് പെൻഷന് യോഗ്യമായ കാലയളവായി പരിഗണിച്ച് കൊണ്ടും ഉത്തരവാകുന്നു.

7) മേൽ പ്രകാരം ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ പരാമർശം 5 പ്രകാരമുള്ള വിധിന്യായം പാലിച്ചിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

മുഹമ്മദ് ഹനീഫ.എം.എം.

അഡിഷണൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ ഓഫീസ് (ആമുഖ കത്ത് സഹിതം ) (സുപ്രീം കോടതി ക്രിമിനൽ അപ്പീൽ നമ്പർ.187, 188/2017)

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം

ശ്രീ. ഗോപാലകൃഷ്ണൻ ടി. പി (കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ മുഖാന്തരം)

ധനകാര്യ വകുപ്പ് (File No. Fin (Agri)-B2/ 176/2023-Fin)

ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പ് (File No. ADV-A2/167/2023-P&ARD)

നിയമ വകുപ്പ് (File No. Law- 102/D2/2023-Law)

വെബ് & ന്യൂ മീഡിയ വിഭാഗം, വിവരപൊതുജന സമ്പർക്ക വകുപ്പ്

കരുതൽ സഞ്ചയം / ഓഫീസ് കോപ്പി (AGRI-EA3/10/2024-AGRI)

ഉത്തരവിൻ പ്രകാരം
Signed by
Aswathi. S. Poonkavanam
Date: 29-02-2024 17:02:11
സെക്ഷൻ ഓഫീസർ

പകർപ്പ്- കൃഷി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്.
അഡീഷണൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്.